പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2502 — 12.06. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. യിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.കെ.രാജൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി. യിൽ മസ്ദൂർ, ലൈൻമാൻ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ/ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 164 ഒഴിവുകൾ നിലവിലുണ്ട്. കെ.എസ്.ഇ.ബി.ലിമിറ്റഡിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പെറ്റികോൺട്രാക്ട് വർക്കേഴ്സ് ആയി ജോലിചെയ്ത/ ജോലിചെയ്തുവരുന്നവരെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ച് ഇലക്ട്രിസിറ്റി വർക്കർ/ മസ്ദൂർ തസ്തികയിൽ 25 ശതമാനം ഒഴിവുകളിൽ നിയമനം നൽകേണ്ടതാണ്. മേൽ ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.<br>ലൈൻമാൻ തസ്തികയിൽ 103 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ ഉദ്യോഗകയറ്റം മുഖേന നികത്തേണ്ടതാണ്.<br>സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 20 NJD ഒഴിവുകളുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള WA 814/2018-ന്റെ അന്തിമവിധിയ്ക്കനുസരിച്ച് മാത്രമേ 20 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.<br>അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 247 ഒഴിവുകൾ ഉണ്ട്. ഇത് സ്ഥാനകയറ്റം മുഖാന്തിരം നികത്തേണ്ടതാണ്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;<br>(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി)&(സി) നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 20 NJD ഒഴിവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള WA 814/2018-ന്റെ അന്തിമവിധിയനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും. മറ്റ് തസ്തികകളിൽ PSC ക്വാട്ടയിലൂടെ നിയമിക്കുന്നതിന് ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ